LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 മാർച്ച് 4, വെള്ളി

വാല്യം CXXIV ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 16

നിയമസഭ 2005 മാർച്ച് മാസം 4-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ :

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ. 310

ടൂറിസം പ്രോജക്ടുകൾക്ക് സബ്സിഡി

1 [*310] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൂറിസം പ്രോജക്ടുകൾക്ക് ഏതെങ്കിലും തരത്തിലുള്ള സബ്സിഡികൾ നൽകുന്നുണ്ടോ ;

(ബി) എങ്കിൽ ഇങ്ങനെ സബ്സിഡികൾ നൽകുന്നത് ഏതൊക്കെ മേഖലയിലാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സബ്സിഡികൾ യഥാസമയം ടൂറിസം പ്രോജക്ടുകളിൽ മുതൽമുടക്കുന്നവർക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ,

(എ) ഉണ്ട്. സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന ടൂറിസം വകുപ്പിന്റെ അംഗീകാരമുള്ള പ്രോജക്ടുകൾക്ക് ഇൻവെസ്റ്റുമെന്റ് സബ്സിഡി, ഇലക്ട്രിസിറ്റി താരിഫ് സബ്സിഡി എന്നിവ നൽകുന്നുണ്ട്.

2/2316/2012/DTP.

(ബി) കേന്ദ്രഗവൺമെന്റിന്റെ അംഗീകാരമുള്ള സ്റ്റാർ ഹോട്ടലുകൾ, സംസ്ഥാന ടൂറിസം വകുപ്പിന്റെ അംഗീകാരം ലഭിച്ച റെസ്റ്റോറന്റുകൾ, അമ്യൂസ്മെന്റ് പാർക്കുകൾ, ആയുർവേദ സെന്ററുകൾ, ഗൃഹസ്ഥലി പ്രോജക്ടുകൾ, റോപ്പ് വേകൾ, കളിവള്ളങ്ങൾ എന്നിവയ്ക്കും ടൂറിസ്റ്റ് ട്രാൻസ്പോർട്ട് ഓപ്പറേറ്റർമാർക്കുമാണ് ഈ സബ്സിഡികൾ നൽകിവരുന്നത്.

(സി) സബ്സിഡികൾക്കായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളും യൂണിറ്റുകളും സൂക്ഷ്മമായി പരിശോധിച്ച് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അർഹതപ്പെട്ടവർക്ക് സബ്സിഡി നൽകുന്നുണ്ട്.

ശ്രീ. തന്നാനൂർ രവി: സർ, ടൂറിസം വികസനത്തിന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് ഒരു ആംപിൾ പൊട്ടൻഷ്യൽ ഉണ്ട്. ഇത് വളരെ പ്രൈം സെക്ടറുമാണ്. അങ്ങ് പറഞ്ഞതുപോലെ മൂന്നിനം സബ്സിഡിയാണുള്ളത്. ഒന്ന്, കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച ഹോട്ടലുകൾക്ക് 10 ശതമാനം സബ്സിഡിയോ അല്ലെങ്കിൽ 10 ലക്ഷം രൂപയോ പരമാവധി കൊടുക്കുക എന്നതാണ്. രണ്ട്, അങ്ങ് പറഞ്ഞതുപോലെ ഇലക്ട്രിസിറ്റി താരിഫ് സബ്സിഡിയാണ്. എൽ. ടി. കൺസ്യൂമറിന്റെ റേറ്റ്, ഞാൻ മനസിലാക്കുന്നത് 8.25 രൂപയാണ്. അംഗീകൃത ടൂറിസം പ്രോജക്ടാണെങ്കിൽ അതിന് യൂണിറ്റൊന്നിന് ഏതാണ്ട് മൂന്നു രൂപയ്ക്കടുത്ത് കൊടുത്താൽ ബാക്കി സബ്സിഡിയാണ്. മൂന്നാമത്തെ സബ്സിഡി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നു ലോൺ എടുത്ത് തുടങ്ങുന്നവർക്കാണ്. ഉദാഹരണത്തിന് കെ. എസ്. എഫ്. ഇ. തുടങ്ങിയ സ്ഥാപനങ്ങൾ. ഈ മൂന്നു കാര്യങ്ങളിലും കൃത്യമായും സമയബന്ധിതമായും ഇപ്പോൾ സബ്സിഡി കിട്ടുന്നില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഈ ഇനങ്ങളിലെല്ലാം വന്നിച്ച കുടിശ്ശിക ഇലക്ട്രിസിറ്റി ബോർഡിനും ഫിനാൻഷ്യൽ സ്ഥാപനങ്ങൾക്കും ടൂറിസം വകുപ്പ് കൊടുക്കാനുണ്ട്. സമയബന്ധിതമായി സബ്സിഡി കിട്ടാത്ത ഒരു സാഹചര്യം ഈ സംസ്ഥാനത്ത് നിലവിലുണ്ട്. അത് ടൂറിസം മേഖലയെ കാര്യമായി ബാധിക്കുന്നുണ്ട്. ഇതിന്റെ പ്രത്യേകത മനസിലാക്കി ഈ സബ്സിഡി സമയബന്ധിതമായി കൊടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, 2003-04 വരെയുള്ള സബ്സിഡി പൂർണ്ണമായും കൊടുത്തുതീർത്തിട്ടുണ്ട്. 2004-05-ലെ 29 അപേക്ഷകൾകൂടി ഇനി തീർപ്പാക്കാൻ ബാക്കിയുണ്ട്. അവ തീർപ്പാക്കിക്കഴിഞ്ഞാൽ 2005-06-ലെ ബഡ്ജറ്റിൽ നിന്നും ഉടൻ ആ സബ്സിഡി നൽകും. മറ്റ് പല ഡിപ്പാർട്ടുമെന്റുകളിലും സബ്സിഡി ബാക്കി വരുന്നതുപോലെ ടൂറിസം ഡിപ്പാർട്ടുമെന്റിൽ സബ്സിഡി ബാക്കിയില്ലയെന്നതാണ് ഫിഗേഴ്സ് കാണിക്കുന്നത്.

ശ്രീ. തന്നാനൂർ രവി: സർ, ടൂറിസം മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം പ്രോജക്ട് ആരംഭിക്കാൻ വരുന്ന ആളുകൾക്ക് സമയബന്ധിതമായി അതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക എന്നതാണ്. ഇതിന് വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കോ-ഓർഡിനേഷൻ ആവശ്യമാണ്. എനിക്ക് പ്രത്യേകം പറയാനുള്ളത്, ഈ മേഖലയുടെ പ്രത്യേകത മനസ്സിലാക്കിക്കൊണ്ട് ഒരു സിംഗിൾ വിൻഡോ സിസ്റ്റം, ഏക ജാലക സംവിധാനം ഉണ്ടാക്കണം എന്നതാണ്. അത് സാധാരണ വ്യവസായത്തിൽ പറയുന്നതു

LIBRARY ARCHIVES Kerala Legislative Assembly

പോലെയല്ല. ഒരാൾ ടൂറിസം മേഖലയിൽ ഒരു പുതിയ പരിപാടിയുമായി രംഗത്തു വന്നാൽ, സമയബന്ധിതമായി, അയാൾക്ക് വേണ്ട ഇലക്ട്രിസിറ്റി ഉൾപ്പെടെ, ലൈസൻസ് ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും ടൈം ബൗണ്ടായി അനുവദിച്ചു കൊടുക്കാനും, ഈ മേഖലയെ പരിപോഷിപ്പിക്കാനുമുള്ള ഒരു പ്രത്യേക സംവിധാനം ഉണ്ടാക്കാൻ ടൂറിസം വകുപ്പ് തയ്യാറാകുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, സിംഗിൾ വിൻഡോ സിസ്റ്റം ഇപ്പോൾ തന്നെയുണ്ട്. പക്ഷേ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ അത് പൂർണ്ണമായും ശരിയായി എന്നു പറയാൻ കഴിയുകയില്ല. മെമ്പർ ചൂണ്ടിക്കാണിച്ച ചില അപാകതകളുണ്ട്. ആ അപാകതകൾകൂടി തിരുത്താൻ തന്നെയാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. നമ്മുടെ പുതിയ ബില്ലിന്റെ ഉദ്ദേശങ്ങളിൽ ഒന്ന് അതുതന്നെയാണ്. ഈ പറയുന്ന പ്രയാസം ശരിയാണ്. ആ പ്രയാസം ഇല്ലാതാക്കാനുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടു വരികയാണ്.

ശ്രീ. സാജു പോൾ: സർ, സബ്സിഡിക്ക് അർഹരായവരെ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ സംബന്ധിച്ച് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിൽനിന്നോ മറ്റോ ഇതിൽ ഇടപെടുന്നതിന്, അതുപോലെതന്നെ ഓരോ ജില്ലയിലെയും പ്രധാനപ്പെട്ട ടൂറിസം പ്രോജക്ടുകളെ സംബന്ധിച്ച് ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുമായി ചർച്ച ചെയ്യുന്നതിന് ഇന്നുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ജനപ്രതിനിധികളുമായിട്ട് ചർച്ച ചെയ്യുക എന്നു പറഞ്ഞാൽ ഡി. ടി. പി. സി. യിൽ ജനപ്രതിനിധികളാണുള്ളത്. അവർ അവിടെ ചർച്ച ചെയ്തുകൊണ്ടുതന്നെയാണ് പ്രോജക്ടുകൾ ഉണ്ടാക്കുന്നത്. അതിൽ പഞ്ചായത്തിന്റെ പ്രതിനിധികളും ബാക്കിയാളുകളും എല്ലാം ഉണ്ട്. അവർ ചർച്ച ചെയ്തു തന്നെയാണ് പ്രോജക്ടുണ്ടാക്കുന്നത്. സംസ്ഥാനമൊട്ടാകെയുള്ള കാര്യങ്ങളാണെങ്കിൽ ഈ പ്രോജക്ടുകൾ ഇവിടെ ഉദ്യോഗസ്ഥ തലങ്ങളിൽ ഉണ്ടാക്കുന്നുണ്ട്, കമ്പനികൾ ഉണ്ടാക്കുന്നുണ്ട്, വ്യക്തികൾ ഉണ്ടാക്കുന്നുണ്ട്. ഇവയ്ക്ക് സബ്സിഡി നൽകുന്നത് ചില നോംസ് വച്ചാണ്. ആ നോംസ് എന്നു പറയുന്നത്, സബ്സിഡി അനുവദിക്കുന്നതിന് മുമ്പായി ആദ്യം ഒരു കമ്മിറ്റി പോയി പരിശോധന നടത്തും. ആ കമ്മിറ്റിയിൽ അഡീഷണൽ ഡയറക്ടറും അതുപോലെതന്നെ പ്ലാനിംഗ് ആഫീസറും റിസർച്ച് ആഫീസറും ഉണ്ട്. അവർ പരിശോധിച്ച് അതിന്റെ റിപ്പോർട്ട് നൽകുന്നു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടൂറിസം സെക്രട്ടറി, ഫിനാൻസ് സെക്രട്ടറി ഇൻഡസ്ട്രീസ് സെക്രട്ടറി, ടൂറിസം ഡയറക്ടർ എന്നിവർ കൂടിയാലോചിച്ച് ആ കമ്മിറ്റിയാണ് ഈ കാര്യത്തിൽ തീരുമാനം എടുക്കുന്നത്.

പ്രൊഫ. കെ. വി. തോമസ്: ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ടൂറിസം വകുപ്പ് കൈകാര്യം ചെയ്തിരുന്ന ആളാണ്. ഇന്ന് കേരളത്തിലെ ഗ്രാമ പ്രദേശങ്ങളിൽ വളർന്നു വരുന്ന ഒരു പ്രധാനപ്പെട്ട ടൂറിസം പദ്ധതിയാണ് ഹോം സ്റ്റേ. ഒരു വീട്ടിൽ ഒരു മുറി ടൂറിസ്റ്റുകൾക്ക് കൊടുത്തുകഴിഞ്ഞാൽ വാടക കിട്ടും. അതിന് കണ്ടീഷൻസുണ്ട്. ഡി.ടി.പി.സി.യാണ് ഹോം സ്റ്റേ തീരുമാനിക്കുന്നത്. അത് കൊടുത്തു കഴിഞ്ഞാൽ അവർക്ക് 500 രൂപ മുതൽ 700 രൂപ വരെ വാടക കിട്ടും. ഇപ്പോൾ വന്നിരിക്കുന്ന പ്രശ്നം

LIBRARY ARCHIVES Kerala Legislative Assembly

ഹോം സ്റ്റേ പദ്ധതി സ്വീകരിച്ച വീടിന് റെസിഡൻഷ്യൽ ഇലക്ട്രിസിറ്റി ചാർജിനു പകരം കൊമേഴ്സ്യൽ ചാർജാണ് ഈടാക്കുന്നത് എന്നതാണ്. അത് പുതുതായിട്ട് വളർന്നു വരുന്ന ഗ്രാമീണ ടൂറിസത്തിന് ഗുണകരമല്ല. പ്രത്യേകിച്ച് 'ഹോം സ്റ്റേ' നടത്തുന്നത് സാധാരണക്കാരായ ആളുകളാണ്. ഇക്കാര്യം അദ്ദേഹത്തിന് മനസ്സിലാകുന്ന ഒന്നാണ്. അതുകൊണ്ട് അദ്ദേഹം ഇപ്പോൾ മറുപടി പറഞ്ഞ സാഹചര്യത്തിൽ അദ്ദേഹവും ഇലക്ട്രിസിറ്റി വകുപ്പും ടൂറിസം വകുപ്പും കൂടിയാലോചിച്ച് ഇക്കാര്യത്തിൽ ഒരു ഗുണകരമായ സമീപനം എടുക്കുമോയെന്നാണ് എനിക്ക് അറിയേണ്ടത്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ശരിയാണ്. എന്നെക്കാൾ അനുഭവം അദ്ദേഹത്തിനുണ്ട്. ഞാൻ ഒരു കൊല്ലമേ ടൂറിസം കൈകാര്യം ചെയ്തിട്ടുള്ളൂ. അദ്ദേഹം മൂന്നര കൊല്ലം ടൂറിസം മിനിസ്റ്ററായിരുന്നു. ആ അടിസ്ഥാനത്തിൽ അദ്ദേഹം പറയുന്നതാണ് ഞാൻ പറയുന്നതിനെക്കാൾ ശരിയാവുക. ഏതായാലും ഈ കാര്യം ശരിയാണ്. പക്ഷേ ഇതിനുള്ള സബ്സീഡി എന്നു പറയുന്നത്, യഥാർത്ഥത്തിൽ ആ പ്രോജക്ട് പ്രോഫിറ്റിലേക്ക് കൊണ്ടുവരുന്നതുവരെയുള്ള സപ്പോർട്ടാണ്. എല്ലാകാലത്തും സബ്സിഡി കൊടുത്തുകൊണ്ട് ഒരു വ്യവസായമോ യൂണിറ്റോ നിലനിർത്തുക എന്നുള്ളത് ശരിയായിട്ടുള്ള നടപടിയുമല്ല. ഇതിനുവേണ്ടി അഞ്ചുകൊല്ലത്തേക്ക് സബ്സിഡി നൽകുന്നുണ്ട്, അഞ്ച് കൊല്ലത്തേക്ക് ഇലക്ട്രിസിറ്റി സബ്സിഡി നൽകുന്നുണ്ട്. ഇവിടെ പറഞ്ഞത് കൊമേഴ്സിയൽ താരിഫ് ഈടാക്കണമെന്നാണ്. നമ്മൾ ഇൻഡസ്ട്രിയൽ താരിഫാണ് ഈടാക്കുന്നത്. ഈ അഞ്ച് കൊല്ലത്തേയ്ക്ക് ഇവർ പണം അടച്ചാൽ ഇൻഡസ്ട്രിയൽ താരിഫും കൊമേഴ്സിയൽ താരിഫും തമ്മിലുള്ള ഡിഫറൻസ് എത്രയാണോ ആ സംഖ്യ സബ്സിഡിയായി അഞ്ച് വർഷം നൽകിവരുന്നുണ്ട്. 2002-03-ൽ ഇലക്ട്രിസിറ്റി സബ്സിഡി 65,32,288 രൂപ കൊടുത്തു. അതിൽ ഇതും വരും. ഹോം സ്റ്റേയും വരും. 2003-04 ൽ ഇലക്ട്രിസിറ്റി സബ്സിഡി 2,32,23,893 രൂപ കൊടുത്തു. 2004-05-ൽ 2,02,77,671 കോടി രൂപ ഇന്റർ സബ്സിഡി ഇലക്ട്രിസിറ്റി താരിഫിനു വേണ്ടിമാത്രം നല്കി. അഞ്ചുകൊല്ലം കൊണ്ട് ഈ പ്രോജക്ട് വയബിൾ ആക്കണം. അതിനു വേണ്ടിയാണ് ചെലവിടുന്നത്. ഇലക്ട്രിസിറ്റിയെക്കുറിച്ച് പറയുമ്പോൾ താരിഫിന്റെ കാര്യത്തിൽ തീരുമാനിക്കുവാൻ 2003-ലെ ഇലക്ട്രിസിറ്റി ആക്ട് അനുസരിച്ച് ഈ സഭയ്ക്കോ ഗവൺമെന്റിനോ ബോർഡിനോ അധികാരമില്ല. അതിനുള്ള അധികാരം റെഗുലേറ്ററി കമ്മീഷനാണ്. റഗുലേറ്ററി കമ്മീഷനാണ് തീരുമാനിക്കുന്നത്. സർക്കാരിന് ഒന്നു ചെയ്യാൻ സാധിക്കും. അതാണ് സബ്സിഡി നല്കിവരുന്നത്.

<u>ശ്രീ. സി. മോയിൻകുട്ടി</u> : സർ, ടൂറിസം രംഗത്ത് അനന്തമായ സാദ്ധ്യതകളുള്ള ഇക്കോ ടൂറിസം രംഗത്ത് കൂടുതൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിനും അതുപോലെ കൂടുതൽ സബ്സിഡി ലഭ്യമാക്കുന്നതിനും വേണ്ടി സ്വകാര്യ മേഖലയിൽ ഏതൊക്കെ സംരംഭങ്ങളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്? ഏതൊക്കെ സംരംഭങ്ങളാണ് അതിനുവേണ്ടി പരിഗണിക്കപ്പെടുന്നത്? സ്വകാര്യമേഖലയുടെ ഇതു സംബന്ധിച്ചുള്ള പ്രവർത്തനങ്ങളും അതുപോലെതന്നെ അവരുടേതായിട്ടുള്ള സേവനങ്ങളും ഉറപ്പുവരുത്താൻ സർക്കാരിനു സാധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇക്കോ ടൂറിസത്തിൽ സ്വകാര്യ മേഖലയ്ക്കാണ് സബ്സിഡി മാക്സിമം നല്കിവരുന്നത്. സ്വകാര്യ മേഖല ചെയ്യുകയാണെങ്കിലും ഇതിനു പുറമേ അഞ്ചു ലക്ഷംവരെ കൂടുതൽ സബ്സിഡി നല്കുവാനുള്ള ഒരു പ്രൊവിഷനും ഇക്കോ ടൂറിസത്തിനുവേണ്ടി വച്ചിട്ടുണ്ട്.

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, ലാഭകരമായ ബിസിനസ്സിന് പണം മുടക്കുവാൻ ധാരാളം ആളുകൾ ഉണ്ടെങ്കിലും എന്താണ് ചെയ്യേണ്ടതെന്ന് അറിയാത്ത ഒരു സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് ടൂറിസം ഡിപ്പാർട്ടുമെന്റ് ഒരു സർവ്വേ നടത്തി പ്രോജക്ടുകൾ തയ്യാറാക്കി ഒരു ഇൻവെസ്റ്റുമെന്റ് മീറ്റ് നടത്താൻ വേണ്ടി തയ്യാറാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : അതിനുവേണ്ടി ചില സർവ്വേകളൊക്കെ നേരത്തേതന്നെ നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഇക്കോ ടൂറിസം, ബാക്ക് വാട്ടർ ടൂറിസം തുടങ്ങി കുറേ കാര്യങ്ങൾ ഈ സംസ്ഥാനത്ത് ഉയർന്നു വന്നത്. എന്നാൽ ഇനിയും ബഹുമാനപ്പെട്ട മെമ്പർ പൂഞ്ഞിക്കാണിച്ചതുപോലെ ഇതിനുള്ള കൂടുതൽ സാധ്യതകളെക്കുറിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുന്നു. 2025-വരെ ഇത് എങ്ങനെ കൊണ്ടു പോകണമെന്നുള്ളതിനെക്കുറിച്ച് സർക്കാരിന് ഒരു കാഴ്ചപ്പാടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരു സ്കീം ശരിയാക്കിയിട്ടുണ്ട്. അതുവച്ചുകൊണ്ട് മുന്നോട്ടു പോകുകയാണ്. ഇനിയും വേണമെങ്കിൽ പഠനം നടത്താം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ നല്ല കാര്യമാണ്. ഇതിന് ഒരു ഇൻവെസ്റ്റുമെന്റ് മീറ്റ് നടത്താവുന്നതാണ്. ജിം-ൽത്തന്നെ ഇതിന്റെ കുറേ പ്രോജക്ടുകൾ വന്നിട്ടുണ്ട്. ഇനി വേണമെങ്കിൽ സെപ്പറേറ്റ് ആയിട്ട് ഒന്ന് നടത്താവുന്നതാണ്. പക്ഷേ അതൊക്കെ ഒരു കൊല്ലംകൊണ്ട് വന്നുകൊള്ളണമെന്നില്ലെങ്കിലും ഇപ്പോൾ ജിം വന്നതുപോലെ ഇതും വരാനുള്ള ധാരാളം സാദ്ധ്യതകൾ കേരളത്തിലുണ്ട്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, പ്രൊഫ. കെ.വി.തോമസ് ഇവിടെ സഭയിൽ ഉന്നയിച്ച വളരെ പ്രധാനപ്പെട്ട ഒരു ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി നല്കിയ വിവരങ്ങൾ ശ്രദ്ധിച്ചു കേൾക്കുകയായിരുന്നു. എനിക്ക് അതുസംബന്ധമായി വീണ്ടും അറിയാനുള്ള ഒരു വിഷയം, ടൂറിസ്റ്റുകളെ വീടുകളിൽ താമസിപ്പിക്കുന്ന വീട്ടുകാർക്ക് വൈദ്യുതി സപ്ലൈ കൊടുക്കുമ്പോൾ അവരുടെ താരിഫ് കൊമേഴ്സ്യൽ താരിഫിനു പകരം ഡൊമസ്റ്റിക് താരിഫ് തന്നെയാക്കി നിലനിർത്തുന്നതിനുള്ള സംവിധാനം ചെയ്യുമോ എന്നുള്ളതാണ്. അതോടൊപ്പം സർക്കാർ നടത്തുന്ന ടൂറിസം പ്രോജക്ടുകൾക്ക് സബ്സിഡി കൊടുക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാകുമോ? ഉദാഹരണത്തിനു ആതിരപ്പിള്ളി waterfall-ൽ dynamic lighting-ന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. വമ്പൻ പ്രോജക്ട് ആണ് അത്. അതുപോലുള്ള പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ സർക്കാരിന്റെ ഒരു വകുപ്പിനു ആശ്വാസം നല്കത്തക്കരീതിയിൽ ഇവിടെനിന്ന് സബ്സിഡി കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇതിനെല്ലാം സബ്സിഡി കൊടുക്കുന്നത് ഇലക്ട്രിസിറ്റി ബോർഡ് അല്ല. ഇതിനു സബ്സിഡി കൊടുക്കുന്നത് ടൂറിസം ഡിപ്പാർട്ടുമെന്റാണ്. അത് ഓരോ പ്രോജക്ടും നിലനിറുത്തത്തക്ക വിധത്തിൽ ടൂറിസം ഡിപ്പാർട്ടുമെന്റ് സബ്സിഡി നല്കും. അതാണ് ഞാൻ ഇവിടെ ചൂണ്ടി കാണിച്ചത്.

2005-06-ൽ ഇൻവെസ്റ്റുമെന്റ് സബ്സിഡി, ഇലക്ട്രിസിറ്റി സബ്സിഡി ഇത്യാദി കാര്യങ്ങൾക്കുവേണ്ടി നാലു കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. അതിനകത്തു നിന്നുകൊണ്ട് പരമാവധി സബ്സിഡി കൊടുത്തുകൊണ്ട് ഇത് നിലനിർത്തും. എല്ലാ കാലത്തും സബ്സിഡി കൊടുത്തുകൊണ്ട് വ്യവസായങ്ങളും ഇതുപോലുള്ള സ്ഥാപനങ്ങളും നിലനിർത്താം എന്നുള്ളതല്ല, അതിനു പകരം ലാഭകരമാക്കാനുള്ള ഒരു സഹായമായിട്ടാണ് ഇതു നടത്തി വരുന്നത്.

ശ്രീ. കെ. സി. ജോസഫ് : സർ, ഈ അനുകൂലമായ സാഹചര്യങ്ങളിൽ ടൂറിസം പ്രചരിപ്പിക്കേണ്ടത് ആവശ്യമാണെങ്കിലും സംസ്ഥാനത്തിന്റെ പരിസ്ഥിതിക്ക് ദോഷകരമായ വളർച്ച തടയേണ്ടതാണ്. കണ്ടൽക്കാടുകൾ വെട്ടരുതെന്നു പറഞ്ഞു നടന്ന ആളുകൾ തന്നെയാണ്, അങ്ങു കണ്ടു കാണും, തലശ്ശേരി കോർപ്പറേഷനു മുന്നിൽ കണ്ടൽക്കാട് വെട്ടിനിരത്തി ഒരു വലിയ കോംപ്ലക്സ് ഉണ്ടാക്കിയത്. അങ്ങു പറഞ്ഞ ഈ പ്രോജക്ടുകളുടെ സ്ക്രൂട്ടിനൈസിംഗ് കമ്മിറ്റിയിൽ വ്യവസായ സെക്രട്ടറിയുണ്ട്, ഫൈനാൻസ് സെക്രട്ടറി ഉണ്ട്. പക്ഷേ പരിസ്ഥിതിയുമായി ബന്ധപ്പെട്ട ആരുമില്ല. ദയവായി പ്രോജക്ടുകൾ ക്ലിയർ ചെയ്യുമ്പോൾ പരിസ്ഥിതിക്ക് ദോഷകരമാകാത്ത തരത്തിൽ ക്ലിയർ ചെയ്യാനും ആ കമ്മിറ്റിയിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട ആളുകളെക്കൂടി ഉൾപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാത്ത പ്രോജക്ടുകൾ, പരിസ്ഥിതിയ്ക്കിണങ്ങുന്ന പ്രോജക്ടുകളാണ് നമുക്ക് ആവശ്യം. അതിനുവേണ്ടിയാണ് ഇപ്പോൾ ഇക്കോ ടൂറിസത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ വല്ലതുമുണ്ടെങ്കിൽ അതു മേലിൽ ഉണ്ടാകാതിരിക്കുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ കൈക്കൊള്ളും.

ശ്രീ. എം. വി. ജയരാജൻ : നമ്മുടെ പ്രധാനപ്പെട്ട ടൂറിസ്റ്റു കേന്ദ്രങ്ങളിൽ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗൗരവതരമായ പ്രശ്നം പരിസ്ഥിതി മലിനീകരണമാണ്. ബഹുമാനപ്പെട്ട കെ. സി. അത് സൂചിപ്പിക്കുകയുണ്ടായി. കോവളം എന്നു പറയുന്നത് കേരളത്തിൽ ഏറ്റവും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഒരു കേന്ദ്രമാണ്. അവിടെ ഈയിടെ Kerala Institute of Travel and Tourism Studies (KITTS) നടത്തിയിട്ടുള്ള ഒരു പഠനം തെളിയിക്കുന്നത് "the decreasing image level of Kovalam as an international destination" എന്നാണ് അതിനുള്ള കാരണങ്ങളിൽ ഒന്ന് "uncontrollable avalanche of garbage etc." ആണ്. അപ്പോൾ പരിസ്ഥിതി മലിനീകരണത്തിന് ഇടയാക്കുന്ന മാലിന്യങ്ങൾ ഇത്തരം ടൂറിസ്റ്റു കേന്ദ്രങ്ങളിൽനിന്നും ഒഴിവാക്കുവാൻ കഴിയത്തക്ക നിലയിൽ ഗൗരവമായ ഒരു പദ്ധതി ആവിഷ്കരിക്കുവാനും നമ്മുടെ കുടുംബശ്രീ യൂണിറ്റ്, ഡി.ഡബ്ലിയു.സി.ആർ.എ. യൂണിറ്റ് എന്നിവയെ ശുചീകരണ പ്രവർത്തനങ്ങൾ ഏല്പിക്കുവാനും അത്തരം യൂണിറ്റുകൾക്ക് ശുചീകരണത്തിനുവേണ്ടി പ്രത്യേകമായ സബ്സിഡി നൽകാനും നടപടി സ്വീകരിക്കണം. ഗവൺമെന്റിനുകൂടി ഇതിൽ പങ്കാളിത്തം ഉണ്ടായാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയുകയുള്ളൂ. അങ്ങനെ കുടുംബശ്രീ യൂണിറ്റുകളെ ഏല്പിക്കുവാനും അവർക്ക് ഇക്കാര്യത്തിൽ ആവശ്യമായിട്ടുള്ള സബ്സിഡി നല്കുവാനും ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. അതിനുവേണ്ടി ഇപ്പോൾത്തന്നെ ഒരു പ്രത്യേക സ്കീം ഉണ്ടാക്കി അഞ്ചു ലക്ഷം രൂപവരെ പ്രത്യേക സബ്സിഡി കൊടുക്കുവാനുള്ള ഏർപ്പാടുകൾ ചെയ്തു വരുന്നു. അത് നടന്നുവരുന്ന ഒരു പ്രോജക്ടാണ്. എങ്കിലും ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുവാനുള്ള ശ്രമം ഗവൺമെന്റ് നടത്തുന്നതാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി : ഇപ്പോൾ ടൂറിസം പദ്ധതിയിൽ ഹോട്ടലുകൾക്ക് നല്കുന്ന സബ്സിഡിയുടെ മാനദണ്ഡം എന്താണ്? അതുപോലെ ഏതെല്ലാം തരത്തിലുള്ള ഹോട്ടലുകൾക്കാണ് ഇതേവിധത്തിൽ സബ്സിഡി നല്കിവരുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സബ്സിഡി നല്കുന്നത് സ്റ്റാർ ഹോട്ടലുകൾ, അതായത് കേന്ദ്ര ടൂറിസം ഡിപ്പാർട്ടുമെന്റ് അംഗീകരിച്ചിട്ടുള്ള 1, 2, 3, 4, 5 എന്നിങ്ങനെ സ്റ്റാർ പദവിയുള്ള ഹോട്ടലുകൾ, കേരളത്തിലെ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള റെസ്റ്റോറന്റുകൾ, ടൂറിസം ഡിപ്പാർട്ടുമെന്റ് അംഗീകരിച്ചിട്ടുള്ള റെസ്റ്റോറന്റുകൾ എന്നിവയ്ക്കാണ്. അത് പരിശോധിക്കുവാൻ ജനറലായി ഒരു ക്ലാസിഫിക്കേഷൻ കേന്ദ്ര ടൂറിസം ഡിപ്പാർട്ടുമെന്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റേത് പരിശോധിക്കുമ്പോൾ ഒരു ചെക് ലിസ്റ്റുണ്ട്. അതിൽ പറഞ്ഞ കാര്യങ്ങളൊക്കെ ഒരു കമ്മിറ്റി പോയി പരിശോധിക്കും. ആ കമ്മിറ്റിയിൽ അഡീഷണൽ ഡയറക്ടർ, പ്ലാനിംഗ് ഓഫീസർ, റിസർച്ച് ഓഫീസർ എന്നിവരുണ്ട്. ഇവർ മൂന്നു പേരും പോയി പരിശോധിക്കും. അവർ റെസ്റ്റോറന്റ് നോക്കും; കിച്ചൻ നോക്കും; പബ്ളിക് ഏരിയ നോക്കും; സ്റ്റാഫ് ക്വാളിറ്റി നോക്കും, Safety and security എന്താണെന്നു നോക്കും. Eco-friendly practices നോക്കും. ബഹുമാനപ്പെട്ട ജയരാജൻ ചൂണ്ടിക്കാണിച്ചതുപോലെ അത് എന്തെല്ലാമെന്ന് നോക്കാം. അതൊക്കെ നോക്കി കണക്കാക്കിയിട്ടാണ് അവർ റെക്കമെന്റ് ചെയ്യുന്നത്.

ശ്രീ. ഡി. സുഗതൻ: സർ, സഹായം നൽകുന്ന കൂട്ടത്തിൽ കളിവള്ളങ്ങൾ ഉൾപ്പെടുത്തിയതായി കാണുകയുണ്ടായി. കളിവള്ളങ്ങൾ ചുണ്ടൻ വള്ളങ്ങളാണ്. അവ ആലപ്പുഴ ഭാഗത്താണുള്ളത്. നല്ല കാര്യമാണ്. അതുപോലെ തന്നെ ഹൗസ്ബോട്ടുകൾക്കു കൂടി സബ്സിഡി ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം. ഹൗസ്ബോട്ടുകൾ ആരംഭിച്ചപ്പോൾ പഴയ കെട്ടുവള്ളങ്ങൾ എടുത്ത് താത്ക്കാലികമായി നിർമ്മിക്കുകയാണ് ചെയ്തത്. ഇപ്പോൾ അത് മാറിയിട്ട് ഇരുപത് ലക്ഷത്തിനു മേലെയാണ് ഹൗസ്ബോട്ടുകളുടെ നിർമ്മാണ ചെലവും മറ്റ് കാര്യങ്ങളും. അപ്പോൾ സാധാരണക്കാർക്ക് അത് ഉണ്ടാക്കാനോ ഉപയോഗിക്കാനോ കഴിയാത്ത അവസ്ഥയാണ്. സംരംഭകർ കൂടുതൽ വരാനുള്ള സാദ്ധ്യതകൾ കൂടി കണക്കിലെടുത്തുകൊണ്ട് ഹൗസ്ബോട്ടുകൾക്ക് സബ്സിഡി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഹൗസ്ബോട്ടുകൾക്കും ഇതിൽ സബ്സിഡി ഉണ്ടെന്നാണ് ഞാൻ ധരിച്ചുവച്ചിരിക്കുന്നത്. ഹൗസ്ബോട്ടുകൾ ഇതിന്റെ പരിധിയിൽ വന്നതായാണ് മനസ്സിലാക്കുന്നത്. ഇല്ലെങ്കിൽ അത് പരിശോധിക്കാം.

ശ്രീ. കെ. ബാബു: സർ, നമ്മുടെ സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളും, നാഷണൽ പാർക്കുകളും, ശുദ്ധജല തടാകങ്ങളും പക്ഷി സങ്കേതങ്ങളും സംരക്ഷിക്കാനും ആ പ്രദേശത്തുള്ള ടൂറിസം സാദ്ധ്യതകൾ പരിശോധിച്ച് സംരക്ഷിക്കാനും വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പദ്ധതികൾ ഏകോപിപ്പിക്കാനും ഇവിടെ നിക്ഷേപിക്കുന്നവർക്ക് സബ്സിഡി നൽകുന്നു എന്ന് ഉറപ്പുവരുത്താനും സർക്കാരിൽ എന്തു സംവിധാനമാണുള്ളത്? അതോടൊപ്പംതന്നെ ഈ അടുത്ത കാലത്ത് അതിരപ്പിള്ളി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന് കേന്ദ്ര ഗവൺമെന്റിന്റെ ക്ലിയറൻസ് കിട്ടിയതായി പത്രത്തിൽ വായിച്ചു. ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് നടപ്പാക്കുന്നതോടൊപ്പം തന്നെ അതിന്റെ ടൂറിസം സാദ്ധ്യത നഷ്ടപ്പെടാതെ സംരക്ഷിക്കാനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ച ഇക്കോ ടൂറിസത്തിന്റെ കാര്യം വളരെ വർഷങ്ങളായി ഗവൺമെന്റ് പരിഗണിച്ചുവരുന്നതാണ്. എന്നു മാത്രമല്ല, ഇത്യാദി കാര്യങ്ങൾക്കുവേണ്ടി ഒരു ചീഫ് കൺസർവേറ്റർ തന്നെ ഇതിൽ ഡയറക്ടറായിട്ടുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ നടന്നുവരുന്നുണ്ട്. എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ അവ പരിശോധിച്ച് വേണ്ടത് ചെയ്യാവുന്നതാണ്. അതിരപ്പിള്ളിയുടെ കാര്യം മുഴുവനായിട്ടില്ല. ആ ഘട്ടത്തിൽ അതൊക്കെ പരിശോധിക്കാവുന്നതാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ഞാൻ ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ യോഗം വിളിക്കാറുണ്ടോ എന്ന് അറിയില്ല. പക്ഷേ, എം.എൽ.എ.മാരെ ആരും വിളിക്കാറില്ല. ഇന്നിപ്പോൾ ടൂറിസം മേഖലയിൽ വിവിധ പ്രോജക്ടുകൾക്ക് ലഭ്യമാകുന്ന സബ്സിഡി ഫലപ്രദമായി ഉപയോഗിക്കത്തക്ക രീതിയിലുള്ള ഒരു സമീപനം ഗവൺമെന്റിന് ഉണ്ടാകണം. ടൂറിസം മേഖലയ്ക്ക് സഹകരണ മേഖലയെ പ്രാപ്തമാക്കത്തക്ക നിലയിലുള്ള ഒരു പൊതു സമീപനം സ്വീകരിച്ച് അപ്രകാരമുള്ള ഒരു പദ്ധതിക്ക് രൂപം നൽകാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഡി. ടി. പി. സി.യെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ അത് എക്സിക്യൂട്ടീവ് കമ്മിറ്റിയായിട്ടാണ് ഫംഗ്ഷൻ ചെയ്യുന്നത്. അതിൽ എല്ലാ എം.എൽ.എ.മാരും ഇല്ല; ഒരുകാലത്തും ഇല്ലായിരുന്നു. ഞാൻ മന്ത്രിയായിരുന്നപ്പോഴും പി. എസ്. ശ്രീനിവാസൻ മന്ത്രിയായിരുന്നപ്പോഴും തോമസ് മാസ്റ്റർ മന്ത്രിയായിരുന്നപ്പോഴും ഇല്ലായിരുന്നു. സെലക്ടഡ് ആയിട്ടുള്ള കുറെ എം.എൽ.എ.മാരും ചില പഞ്ചായത്ത് പ്രസിഡന്റുമാരും അടങ്ങിയതാണ് ഈ എക്സിക്യൂട്ടീവ് കമ്മിറ്റി. ആ ആളുകളെ മാത്രമേ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് വിളിക്കൂ.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഇപ്പോഴേ മന്ത്രിയായുള്ളൂ. എന്നെ മലപ്പുറത്ത് ഒരു ഡി.ടി.പി.സി.ക്കും വിളിച്ചിട്ടില്ല. ഞാൻ ആ എക്സിക്യൂട്ടീവിൽ ഇല്ല. അതുകൊണ്ട് വിളിക്കാറില്ല. ..... (ബഹളം) .....എക്സിക്യൂട്ട് ചെയ്യുന്നത് എക്സിക്യൂട്ടീവ് കമ്മിറ്റിയാണ്. അതാണ് ഫംഗ്ഷൻ. എം. എൽ. എ. മാർക്ക് പ്രത്യേക സ്ഥാനം വേണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാനും. എന്നാൽ എല്ലാറ്റിലും പ്രാതിനിധ്യം വേണമെന്നു പറയുന്നത് ശരിയാണോ? നമുക്ക് തീരുമാനിക്കാം വേറെ ആരും എതിർക്കാനില്ല..... (ബഹളം) .....

മി. സ്പീക്കർ : മി. ദേവകുമാർ, ചോദ്യോത്തര സമയത്ത് ഇങ്ങനെ പ്രശ്നം ഉണ്ടാക്കിയാലോ ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ദേവകുമാറിനെ വിളിക്കുന്നതാണോ വിളിക്കാതിരിക്കുന്നതാണോ നല്ലതെന്ന് അങ്ങേയ്ക്കു തന്നെ അറിയാമല്ലോ.

മി. സ്പീക്കർ : ഞാൻ ദേവകുമാറിനെ മെരുക്കാൻ നോക്കുകയാണ്. ദേവകുമാർ ഇരിക്കൂ. Please resume your seat.

ശ്രീ. ആര്യാടൻ മുഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച ബാക്കി കാര്യങ്ങൾ പലതും സർക്കാരിന്റെ പരിഗണനയിലും പരിശോധനയിലുമുള്ളതാണ്.

ശ്രീ. കെ. മോഹൻ കുമാർ : സർ, വൈദ്യുതി ബോർഡും ടൂറിസം ഡിപ്പാർട്ടുമെന്റും സംയുക്തമായി ചെയ്യേണ്ട കാര്യത്തെക്കുറിച്ചാണ് എനിക്ക് ചോദ്യം ഉന്നയിക്കാനുള്ളത്. കേരളത്തിന്റെ ടൂറിസ്റ്റ് സങ്കേതങ്ങളുടെ കമനീയമായ പ്രകൃതി ഭംഗി കൂടുതൽ കാര്യക്ഷമമായി അവതരിപ്പിക്കുന്നതിൽ വൈദ്യുതാലങ്കാരം വലിയ ഒരു പങ്ക് വഹിച്ചിട്ടുണ്ട്. പക്ഷേ കാലക്രമേണ അതിന്റെ ആകർഷണീയത മങ്ങിപ്പോയി. വൈദ്യുതാലങ്കാരം നിലവിലുള്ള മലമ്പുഴ, നെയ്യാർ ഡാം പോലുള്ള ടൂറിസ്റ്റ് സങ്കേതങ്ങളിൽ അത് കൂടുതൽ ആധുനികവൽക്കരിക്കാനും വൈദ്യുതാലങ്കാരം ആവശ്യപ്പെട്ടിട്ടും നൽകാത്ത ആക്കുളം പോലുള്ള പ്രദേശങ്ങളിൽ വൈദ്യുതി ബോർഡും ടൂറിസം ഡിപ്പാർട്ടുമെന്റും സംയുക്തമായി വൈദ്യുതാലങ്കാരം ഏർപ്പെടുത്താനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : വൈദ്യുതാലങ്കാരം ആർക്ക് വേണമെങ്കിലും നടത്താം. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ അത് ടൂറിസ്റ്റു കേന്ദ്രങ്ങളെ വളരെ ആകർഷണീയമാക്കുന്നുവെന്ന് ഞാൻ സമ്മതിക്കുന്നു. അക്കാര്യത്തിൽ എന്തു ചെയ്യാൻ സാധിക്കുമെന്നുള്ളത് ടൂറിസം ഡിപ്പാർട്ടുമെന്റ് തീരുമാനിച്ച് ഇലക്ട്രിസിറ്റി ബോർഡിനെ അറിയിച്ചിട്ട് വേണ്ടിവന്നാൽ രണ്ടും കൂടി ആലോചിച്ച് ചെയ്യാൻ കഴിയുന്ന കാര്യങ്ങളൊക്കെ ചെയ്യും.

ശ്രീ. എ. കെ. മണി : സർ, വടക്ക് കാശ്മീരും തെക്ക് കൊടൈക്കനാലും ഊട്ടിയും പോലുള്ള ഒരു മേഖലയാണ് മൂന്നാർ. കാശ്മീരിലേക്ക് ഇപ്പോൾ ആരും പോകുന്നില്ല. ഊട്ടിയും ആ സാഹചര്യത്തിലായിരിക്കുകയാണ്. കൊടൈക്കനാലും അതുപോലെ ആയിക്കൊണ്ടിരിക്കുകയാണ്. മൂന്നാർ മാത്രമാണ് കുറെ ആസ്വദിക്കാനുള്ള ഒരു ഹിൽ സ്റ്റേഷൻ. തേയില വ്യവസായം നശിച്ചുകൊണ്ടിരിക്കുകയാണ്. വ്യവസായങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് ധാരാളം തൊഴിലാളികൾക്ക് അവിടെ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

വിട്ടുപോകേണ്ട സാഹചര്യമാണ് നിലവിലുള്ളത്. മൂന്നാറിനെ സംബന്ധിച്ചിടത്തോളം ഹൈഡൽ ടൂറിസം, ഇക്കോ ടൂറിസം, ഡി.ടി.പി.സി. എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കാര്യമായ പ്രവർത്തനമൊന്നുമില്ല. മൂന്നാറിൽ വിദേശികളും സ്വദേശികളും നിറഞ്ഞൊഴുകുകയാണ്. അവിടെ വരുന്ന ആളുകൾ നിരാശരായി തിരിച്ചു പോകുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് മൂന്നാറിന്റെ തൊഴിലില്ലായ്മ പരിഹരിക്കാൻ വേണ്ടി, ഊട്ടിയും കൊടൈക്കനാലും എന്നതുപോലെ മൂന്നാർ ഒരു പ്രശസ്തമായ സ്ഥലം എന്ന നിലയിൽ ഒരു പ്രത്യേക പാക്കേജ് മൂന്നാറിനായി കൊണ്ടുവരികയും ടൂറിസം കൂടുതൽ ഡെവലപ് ചെയ്യാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ആവിഷ്കരിക്കുകയും ചെയ്യുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ശരിയാണ്. മൂന്നാർ ടൂറിസത്തിന് വളരെ പ്രശസ്തിയാർജ്ജിച്ചിട്ടുള്ള സ്ഥലമാണ്. അവിടെ ഇപ്പോൾത്തന്നെ ചില സ്പെഷ്യൽ സ്കീമുകളുണ്ട്. ക്ലീനിംഗിനുവേണ്ടി തന്നെ സ്പെഷ്യൽ സ്കീം പഞ്ചായത്ത് നടപ്പാക്കിവരുന്നുണ്ട്. ഇതൊക്കെ പ്രൊട്ടക്ട് ചെയ്യാൻ വേണ്ടിയുള്ളതാണ് ഇന്നലെ നമ്മൾ പാസ്സാക്കിയ നിയമം. ആ നിയമം നടപ്പാക്കുന്നതോടുകൂടി ഇക്കാര്യങ്ങൾ പൂർണ്ണമാവും. മൂന്നാറിന് ഒരു പ്രത്യേകത കൂടിയുണ്ട്. അവിടെയുള്ള ഭൂമി മുഴുവൻ കണ്ണൻ ദേവൻ കമ്പനിക്കാരുടെ കയ്യിലാണ്. ഡെവലപ്മെന്റിന് ഭൂമി കിട്ടാനുള്ള പ്രയാസമുണ്ട്. ഉള്ള ഭൂമി തന്നെ കയ്യേറ്റം നടത്തുന്നത് വേറൊരു പ്രശ്നം. അതും ഞാൻ മറച്ചുവയ്ക്കുന്നില്ല. നിയമത്തിൽ ഒഴിപ്പിക്കാനുള്ള വ്യവസ്ഥ കൊണ്ടുവരാനുള്ള കാരണവും അതാണ്. ഒരു സ്പെഷ്യൽ അറ്റൻഷൻ മൂന്നാറിന്റെ കാര്യത്തിൽ ഉണ്ടാകേണ്ടത് ടൂറിസം ഡെവലപ്മെന്റിന് വളരെ അത്യാവശ്യമാണെന്നുള്ളതുകൊണ്ട് ഗവൺമെന്റ് അത് പ്രത്യേകം പരിഗണിക്കുന്നുണ്ട്.

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, അങ്ങയുടെ നിയോജക മണ്ഡലത്തിൽ കരുളായി, നെടുങ്കയം എന്നീ സ്ഥലങ്ങളിൽ ബ്രിട്ടീഷുകാരുടെ കാലത്തുണ്ടാക്കിയ ഹാങ്ങിംങ്ങ് ബ്രിഡ്ജുണ്ടായിരുന്നു. ആ സ്ഥലം സംരക്ഷിക്കാനാവശ്യമായ നടപടികളെടുക്കുമോ; ഇല്ലെങ്കിൽ ആ സ്ഥലം കേന്ദ്ര ഗവൺമെന്റിന് വിട്ടുകൊടുത്താൽ അവർ ഏറ്റെടുക്കാൻ തയ്യാറാണ്. നെടുങ്കയം എന്നുപറയുന്നത് കാട്ടാനകളെ പിടിച്ചുകൊണ്ടുവന്ന് ട്രെയിനിംഗ് കൊടുത്ത് നാട്ടാനകളാക്കുന്ന സ്ഥലമാണ്. അതുകൊണ്ട് ഈ രണ്ട് സ്ഥലങ്ങളും ടൂറിസ്റ്റുകളെ വളരെയധികം ആകർഷിക്കുന്നവയാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ നിയമ നിർമ്മാണം നടത്തുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇതിന് നിയമ നിർമ്മാണത്തിന്റെ ആവശ്യമില്ല. അതിനുവേണ്ടി ചില പദ്ധതികളുണ്ട്. 1,00,62,000 രൂപയുടെ ഒരു പ്രോജക്ടിന് ഇപ്പോൾത്തന്നെ അംഗീകാരം നൽകിയിട്ടുണ്ട്. അതിൽ ഇതും ഉൾക്കൊള്ളും. അങ്ങ് പറഞ്ഞ നെടുങ്കയം വളരെ ഭംഗിയുള്ള പ്രദേശമാണ്. ബഹു. മെമ്പർ പറഞ്ഞകാര്യം ഗവൺമെന്റ് പരിഗണിച്ചുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല കഹാർ : സർ, വിനോദ സഞ്ചാരത്തിന് അനന്തമായ സാദ്ധ്യതകളാണ് കേരളത്തിലുള്ളതെന്ന് പറയുകയുണ്ടായി. ടൂറിസ്റ്റ് കേന്ദ്രങ്ങളും അല്ലാത്ത സ്ഥലങ്ങളും വേർതിരിച്ച് പറയാൻ കഴിയാത്ത സ്ഥിതിയിലാണ് കേരളത്തിന്റെ വരദാനമായി പ്രകൃതി നൽകിയിരിക്കുന്ന ഈ അനുഗ്രഹം. ടൂറിസ്റ്റ് കേന്ദ്രങ്ങളിലല്ലാതെ സംസ്ഥാനത്ത് സ്ഥാപിക്കുന്ന പ്രോജക്ടുകൾക്കും സഹായം ലഭിക്കുമോ ; അതോടൊപ്പം സർക്കാരിന്റെ വിലപ്പെട്ട സ്ഥലവും സൗകര്യവും ഉപയോഗിച്ചുകൊണ്ട് താജ് ഗ്രൂപ്പ് പോലെയുള്ള സ്ഥാപനങ്ങൾ നടത്തുന്ന പ്രോജക്ടുകൾക്കും ഈ സഹായം ലഭിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : ഈ സഹായം അഞ്ച് വർഷക്കാലത്തേക്ക് എല്ലാവർക്കും നൽകും. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം അനുസരിച്ച് സംസ്ഥാന സർക്കാർ 1986-ൽ ടൂറിസം ഇൻഡസ്ട്രിയായി പ്രഖ്യാപിച്ചു. അതിനുശേഷമാണ് ഈ പറയുന്ന സബ്സിഡി സ്കീമൊക്കെ വന്നത്. സബ്സിഡി സ്വകാര്യ വ്യക്തികൾക്കും നൽകുന്നുണ്ട്. അതുകൊണ്ട് സ്വാഭാവികമായും താജിനും കിട്ടിക്കാണും. പക്ഷേ ഇൻവെസ്റ്റുമെന്റ് സബ്സിഡി വളരെ കുറച്ച് കിട്ടാനേ സാദ്ധ്യതയുള്ളൂ. കേരള ഗവൺമെന്റ് ഉണ്ടാക്കിയ കെട്ടിടം 1987-ലെ ഗവൺമെന്റാണ് താജ് ഗ്രൂപ്പിന് നൽകിയത്. അതുകൊണ്ട് സ്വാഭാവികമായും ആ കെട്ടിടത്തിന്റേയും മറ്റും ഇൻവെസ്റ്റ്മെന്റ് സബ്സിഡി കൊടുക്കാൻ സാദ്ധ്യതയില്ല. അത് പരിശോധിച്ചേ പറയാൻ കഴിയൂ.

ജൈവകൃഷി പരിശീലനം

2 [*311] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :

„ മത്തായി ചാക്കോ :

„ ടി. കെ. ബാലൻ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവകൃഷിരീതി പരിശീലിപ്പിക്കുവാനും വ്യാപകമാക്കാനുമായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി ഡ്രാഫ്റ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സംസ്ഥാനത്ത് 'നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാനിക്ക് ഫാമിംഗ്' സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly